61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

Item Code: 643 Participant Code: 109

ആവിഷ്കാര സ്വാതന്ത്ര്യം സാമൂഹികജീവിതത്തിൽ

ഇന്നത്തെ കാലഘട്ടത്തിൽ ഒരു ഭാരതീയൻ എന്ന പദവിയിൽ അഭിമാനിക്കുന്നതോടൊപ്പം തന്നെ ഒരു കേരളീയൻ എന്ന പദവിയിലും ഊറ്റം കൊള്ളുന്നവരാണ് നമ്മൾ മലയാളികൾ. കാരണം വിദ്യാഭ്യാസരംഗത്തും വ്യാവസായികരംഗത്തും നമ്മുടെ ഈ കൊച്ചുകേരളം ഭാരതത്തിൽ മുൻനിരയിൽത്തന്നെയാണ്. കൂടാതെ കലാസാംസ്കാരികരംഗത്തും വളരെയധികം പുരോഗതിയാർജ്ജിക്കാൻ നമുക്ക് സാധിച്ചി-ട്ടുണ്ട്. പൊതുവെ മെച്ചപ്പെട്ട ഒരു സാമൂഹികപരിസ്ഥിതിയും ഇവിടെ പ്രകടമാണ്. ഈ ഘടകങ്ങളെല്ലാമാണ് നമ്മുടെ ഈ കൊച്ചുകേരളത്തെ ഭാരതത്തിലെ തന്നെ മുൻനിര സംസ്ഥാ-നങ്ങൾക്കൊപ്പമെത്തിച്ചതും. ഇങ്ങനെയൊക്കെയാണെങ്കിലും ഇന്ന് കേരളത്തിലെ സാമൂഹിക ചുറ്റുപാടുകൾക്കിടയിൽ ആവിഷ്കാരസ്വാതന്ത്ര്യം കുറച്ചുപേർക്കിടയിലേക്ക് മാത്രം ചുരു-ങ്ങുകയും ചില വിഭാഗങ്ങൾക്ക് അത് നിഷേധിക്കപ്പെടുകയും ചെയ്യുന്നുണ്ടോ? വളരെ ഗഹനമായിത്തന്നെ ചിന്തിക്കേണ്ട ഒരു വിഷയമാണിത് ഇവിടെ, ഉണ്ട് എന്നാണ് ഉത്തരമെങ്കിൽ ഈ ഒരു വിഷയം മതിയാകും ഭാരതത്തിന്റെ ഉത്തുംഗശ്രേണിയി-ലെത്തിച്ചേർന്നിരിക്കുന്ന കേരളത്തിന്റെ യശസ്സിനെ —

(Note: Graded Items may be published in Schoolwki. So write neatly. Don't fold paper. Don't write overleaf)

61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

Item Code: 643 Participant Code: 109

- വലിച്ചു താഴെയിടാൻ.

വളരെ ലഘുവായിത്തന്നെ ചിന്തിക്കേണ്ട ഒരു വിഷയമായതിനാൽ വളരെ വ്യാപ്തിയേറിയ അർത്ഥതലങ്ങളിലേക്ക് ഇത് നമ്മെ കൊണ്ടെത്തിച്ചേക്കാം. ഒരു വ്യക്തിയുടെ, ഏതെങ്കിലും വിഷയത്തോടുള്ള അഭിപ്രായമോ പൊതുവായി അയാൾ നൽകാനുദ്ദേശിക്കുന്ന ഒരു സന്ദേശമോ സമൂഹത്തിൽ ജാതി, മത, വർണ്ണ വിവേചനങ്ങളില്ലാതെ ധൈര്യപൂർവ്വം സമർത്ഥിക്കുവാനുള്ള അയാളുടെ സ്വാതന്ത്ര്യത്തെയാണ് ആവിഷ്കാരസ്വാതന്ത്ര്യം എന്നതിന്റെ അടിസ്ഥാന വിവരണമായി കരുതുന്നത്. ഇതൊരു കണ്ടെത്തൽ മാത്രമാണ് യഥാർത്ഥത്തിൽ ആവിഷ്കാരസ്വാതന്ത്ര്യത്തെ കൃത്യമായി നിർവ്വചിക്കുക സാധ്യമല്ല. കാരണം അത്രമേൽ മേഖലകളിലേക്ക് ഇതിന്റെ അർത്ഥതലങ്ങൾ വ്യാപിച്ചുകിടക്കുന്നു.

മഹാരാഷ്ട്രയിലെ 'മസ്ദൂർ കിസാൻ ശക്തി സംഘതൻ' എന്ന സംഘടന നിമിത്തം രൂപീകൃതമായ വിവരാവകാശ നിയമത്തെ നമുക്ക് ഇതുമായി ബന്ധപ്പെടുത്തി വായിക്കാവുന്നതാണ്. രാഷ്ട്രത്തിന്റെ സുപ്രധാനമായ വിവരങ്ങളൊഴികെ മറ്റേതൊരു രാഷ്ട്രസംബന്ധവും, നിയമസംഹിതയെ-

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

-കുട്ടികളുടെയുമെല്ലാം എല്ലാ വിവരങ്ങളും എല്ലാ പൗരന്മാർക്കും ലഭ്യമാകുന്നതിന് ഇത് വളരെയധികം സഹായകമായി. അഴിമതിയും മറ്റും ഒരു പരിധിവരെ തടയാൻ ഇതിലൂടെ സാധിക്കുകയും ചെയ്തു.

ഏതൊരു വസ്തുവായാലും അത് വിനിയോഗിക്കുന്ന രീതിയാണ് അതിനെ നന്മയിലേക്കോ ദോഷത്തിലേക്കോ നയിക്കുന്നത്. അവകാശങ്ങളുടെയും സ്വാതന്ത്ര്യങ്ങളുടെയും കാര്യത്തിൽ ഈ പ്രസ്താവന കുറച്ചുകൂടി ശക്തമാണ്. ഇപ്പോൾ കേരളത്തിൽ പൊടുന്നനെ ഒരുപാട് കലാപങ്ങൾ പൊട്ടിപ്പുറപ്പെടുന്നതും രാഷ്ട്രീയകൊലപാതകങ്ങളും സ്ഥിരം കാഴ്ചയാണ്. ഇവയെ വിലയിരുത്തുമ്പോൾ നമ്മുടെ പോക്ക് എങ്ങോട്ടാണ് എന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു. മറ്റു സംസ്ഥാനങ്ങളുടെ കാര്യത്തിലും സ്ഥിതിക്ക് വലിയ വ്യത്യാസമൊന്നുമില്ല. ഇന്ന് ആവിഷ്കാര സ്വാതന്ത്ര്യം രാഷ്ട്രീയ രംഗത്തും മാധ്യമരംഗത്തും അതിന്റെ ഉച്ചസ്ഥായിയിലെത്തിനിൽക്കുന്ന കാഴ്ചയാണ് കാണാനാവുന്നത്. അവർ തങ്ങളുടെ മനസ്സിൽ തോന്നുന്ന വസ്തുതകൾ സമർത്ഥിക്കുന്നതിലേക്കായി പൊതുവേദികളെ വിനിയോഗിക്കുമ്പോൾ, ഇത് മറ്റുള്ളവർക്ക് ഗുണത്തേക്കാളേറെ ദോഷം ചെയ്യുമെന്ന വസ്തുത അവർ മനസ്സിലാക്കുന്നില്ല. ഈ പരിതസ്ഥിതി -

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

- ഇതേപടി മുന്നോട്ട് പോയാൽ നമ്മുടെ സാമൂഹിക
പരിസ്ഥിതി കരകയറാനാവാത്ത ഒരു പരിതസ്ഥിതിയിലേക്ക്
ചവിട്ടി താഴ്ത്തപ്പെട്ടേക്കാം. ഒരുപാട് മഹാത്മാക്കളുടേയും
പരിശ്രമ നവോത്ഥാനനായകരുടേയും അതികഠിനമായ
സഹനത്തിന്റെയും പ്രയത്നത്തിന്റെയും
ഫലമാണ് നമ്മുടെ നാട്. ഇതിന്റെ ഇതിന്റെ മൂല്യങ്ങൾ
നഷ്ടപ്പെടാതെ കാത്തുസൂക്ഷിക്കുകയും. മൺമറഞ്ഞ മഹാത്മാക്കളുടെ
ആദർശങ്ങളെ മുറുകെപ്പിടിച്ചുകൊണ്ട് വ്യക്തിബോധം
തകരാതെയുള്ള ജീവിതം നയിച്ചാൽ ഒരു പരിധിവരെ
ഈ പ്രശ്നങ്ങളെ തരണം ചെയ്യാൻ നമുക്ക് സാധിച്ചേക്കാം.

ഇന്ന് കൂടുതലായും ആവിഷ്കാരസ്വാതന്ത്ര്യം
അതിന്റെ അതിരുകടക്കുന്നതായി നാം കാണുന്നത് മാധ്യമരംഗ-
ത്താണ് നവമാധ്യമങ്ങളുടെ കൂടെ വരവോടെ സമൂഹം ഒരു
ചെറിയ [illegible] നോക്കിക്കാണേണ്ട ഒന്നായി മാധ്യമരംഗം
മാറി എന്ന വസ്തുത നമ്മെ സംബന്ധിച്ചിടത്തോളം നികൃഷ്ടം
ലജ്ജാവഹമാണ്. അരാജകമായ ഒരവസ്ഥയിൽപോലും
വസ്തുനിഷ്ഠവും യാഥാർത്ഥ്യത്തിലൂന്നിയതുമായ മാധ്യമ-
ങ്ങളുടെ പ്രവർത്തനം ഒരു രാഷ്ട്രത്തിന്റെ തന്നെ മനസ്സിനെ
അനായാസം പിടിച്ചുനിർത്താൻ പോന്നതാണ്.

— പക്ഷെ ഇന്ന് മാധ്യമങ്ങൾ മാധ്യമധർമ്മത്തിന് അൽപം പോലും വിലകൽപിക്കാതെ അവർക്ക് തോന്നുന്ന രീതിയിലും ഭാവത്തിലും വാർത്തകളെ വളച്ചൊടിക്കുകയും തൽഫലമായി ജനങ്ങൾക്കിടയിൽ തെറ്റിദ്ധാരണ പടർത്തുകയും ചെയ്യുന്നു. ചിലപ്പോൾ ഏതെങ്കിലും രാഷ്ട്രീയ ശക്തികൾക്കുവേണ്ടിയോ അല്ലെങ്കിൽ മറ്റു ചില സംഘടനകൾക്കുവേണ്ടിയോ യാതൊരുവിധ നിയന്ത്രണങ്ങൾക്കും വിധേയരാകാതെ അവർ ഇത് നിർബാധം തുടരുന്നു. ഈ അവസരത്തിൽ സ്വദേശാഭിമാനി രാമകൃഷ്ണപിള്ള എന്ന മഹദ് വ്യക്തിത്വത്തെ സ്മരിക്കാതിരിക്കാനാവില്ല. എന്താണ് ആവിഷ്കാര സ്വാതന്ത്ര്യം, അത് എങ്ങനെ സമൂഹോന്നമനത്തിനായി ഉപയോഗിക്കാം എന്ന് ഓരോ മലയാളിയേയും പഠിപ്പിച്ച ഒരു ധീരദേശാഭിമാനിയായിരുന്നു അദ്ദേഹം. സ്ഥാനമാനങ്ങളോട് തെല്ലും ഭയമില്ലാതെ "ഈശ്വരൻ തെറ്റുചെയ്താലും ഞാൻ അത് ചൂണ്ടിക്കാട്ടും" എന്ന് ധൈര്യത്തോടെ സമർത്ഥിച്ച അദ്ദേഹത്തിന്റെ ആദർശങ്ങൾ ഇന്ന് മാധ്യമധർമ്മത്തിൽ നിന്നും വലിയ വ്യതിചലനങ്ങൾ സൃഷ്ടിച്ച് മുൻപോട്ടുപോയ്ക്കൊണ്ടിരിക്കുന്ന ~~[illegible]~~ മാധ്യമസമൂഹത്തിന് ഒരു മാതൃകയാക്കേണ്ടതാണ്. തന്നെയും തന്റെ പത്രത്തെയും നിർദയം നാടുകടത്തിയിട്ടും തന്റെ പാത ഉപേക്ഷിക്കാൻ അദ്ദേഹം തയ്യാറായില്ല. അതുകൊണ്ടുതന്നെ

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

Item Code: 6L03 Participant Code: 109

– രാഷ്ട്രീയബോധമുള്ള ഒരുവനാണ് പത്രവും പറയും ഇതാണ് മാധ്യമധർമ്മം. അല്ലെങ്കിൽ ഇതാവണം മാധ്യമധർമ്മമെന്ന്.

ചില അവസരങ്ങളിൽ യാഥാർത്ഥ്യവുമായി യാതൊരുവിധ ബന്ധവുമില്ലാത്ത വാർത്തകൾ സൃഷ്ടിക്കപ്പെടുവാനും അത് ആരെങ്കിലുമൊരു വിഭാഗത്തിനുനേരെ പ്രയോഗിക്കുവാനും ചില മാധ്യമങ്ങൾ ശ്രമിക്കാറുണ്ട്. ചിലതിൽ അവർ വിജയിക്കാറുമുണ്ട്. സ്വന്തം രാജ്യത്തെ ജനങ്ങളെത്തന്നെ ഉന്മാദത്തിൽ തള്ളിവിടിപ്പിക്കുന്ന ഈ വസ്തുത വളരെ ഗൗരവവും അടിയന്തിരമായിത്തന്നെ നിയന്ത്രണവിധേയമാക്കേണ്ടതുമാണ്. വളരെ സമർത്ഥമായിത്തന്നെ അത്തരം വാർത്തകൾ പ്രചരിപ്പിക്കുവാനും അവ ജനങ്ങളിൽ അടിച്ചേൽപ്പിക്കുവാനും ചില മാധ്യമങ്ങൾക്ക് സാധിക്കും. ഈ സാഹചര്യത്തിൽ "സത്യം പറയുന്നതാണോ പത്രം, അതോ പത്രം പറയുന്നതാണോ സത്യം." എന്ന വാചകം തികച്ചും അനുയോജ്യമായൊരു ചിന്താവിഷയമാണ്.

ഇവയെല്ലാം തന്നെ ആവിഷ്കാരസ്വാതന്ത്ര്യത്തെ ദുർവിനിയോഗം ചെയ്യുന്ന രീതികളാണ്. ഇനി ഇവയൊക്കെയല്ലാതെ ആവിഷ്കാരസ്വാതന്ത്ര്യത്തെ നശിപ്പിക്കാനായി

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

-വിനിയോഗിക്കുന്നവരുമുണ്ട്. നാട്ടിൽ നടക്കുന്ന പലയിനം വികസനപ്രവർത്തനങ്ങളും പലരുടെയും അഭിപ്രായപ്രകാരം നടക്കുന്നവയാണ്. ഇത് പ്രകാരം നിയമസംഹിതയിൽവരെ ജനങ്ങൾക്കനുയോജ്യമായ രീതിയിൽ ചെറിയ മാറ്റങ്ങൾ വരുത്തുവാനിടയായിട്ടുണ്ട് ഇവയെല്ലാം കൂടാതെ സമൂഹോന്നമനത്തിനായുള്ള ആവിഷ്കാരസ്വാതന്ത്ര്യത്തിന്റെ സാധ്യതകൾ ഒട്ടനവധിയാണ്. സമൂഹത്തിൽ ഏതുകാര്യം സംഭവിക്കുന്നു എന്നതിനെ അടിസ്ഥാനപ്പെടുത്തിയിരിക്കും ഓരോരുത്തരുടെ വിഷയത്തോടുള്ള സമൂഹത്തിന്റെ സമീപനം. സ്വാർത്ഥതാത്പര്യങ്ങൾക്കായി ഒരിക്കലും ആവിഷ്കാരസ്വാതന്ത്ര്യത്തെ ദുർവിനിയോഗം ചെയ്യരുത്. അങ്ങനെ ചെയ്യുന്നയാളെയും ഭാവിയിൽ അത് ദോഷകരമായി ബാധിക്കും എന്ന വസ്തുത നാം വിസ്മരിക്കരുത്.

മൗലികമായ അവകാശങ്ങളോടൊപ്പം തന്നെ കൂട്ടിവയ്ക്കാവുന്ന ഒന്നാണ് ആവിഷ്കാരസ്വാതന്ത്ര്യവും. മനുഷ്യരാശിയുടെ ആരംഭം മുതൽക്കേ അവന് സാമൂഹിക ജീവിതത്തിൽ അനിഷേധ്യവും അവിഭാജ്യവുമായിരുന്ന രണ്ടു ഘടകങ്ങളാണിവ. മനുഷ്യൻ ഒരു സമൂഹജീവിയാണ് സ്വന്തം താത്പര്യങ്ങളെ മാത്രം പരിഗണിച്ച് മറ്റുള്ളവരുടെ അഭിപ്രായങ്ങളെ മാനിക്കാതെ ഒരു നല്ല ജീവിതം കെട്ടിപ്പടുക്കുക അസാധ്യമാണ്. അവിടെയാണ്

61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

Item Code: 643 Participant Code: 109

ആവിഷ്കാരസ്വാതന്ത്ര്യത്തിന്റെ പ്രസക്തി നാം ഗ്രഹിക്കേണ്ടത്. ഇതിന്റെ ദുർവിനിയോഗം തടയുകയും, ഇതിന്റെ ധർമ്മനിഷ്ഠ വിധേയ ഉപയോഗവും ഇന്നത്തെ ഈ സാമൂഹിക പരിതസ്ഥിതിയെ കരകയറ്റുകയും സാമൂഹിക ജീവിതത്തിന്റെ പുരോഗതിക്ക് ഒരു കൈത്താങ്ങാകുകയും ചെയ്യും എന്നതിൽ സംശയമില്ല.

ഇന്നുവരെ ലോകത്ത് നിലനിൽക്കുന്നവയ്ക്കും കണ്ടെത്തിയിട്ടുള്ളവയ്ക്കുമെല്ലാം തന്നെ ഗുണങ്ങളും ദോഷങ്ങളുമുണ്ട്. നാം അതിനെ ഏതുരീതിയിൽ സമീപിക്കുന്നു അല്ലെങ്കിൽ ഉപയോഗിക്കുന്നു എന്നതിനെ ആശ്രയിച്ചാണ് അതിന്റെ സ്വഭാവം രൂപീകരിക്കപ്പെടുന്നത്. നമുക്കെല്ലാം സാമൂഹികപുരോഗതിക്കായി അതിനെ വിനിയോഗിച്ചാൽ അത് നമുക്കുമുന്നിൽ വിരിച്ചുകാട്ടുന്ന സാധ്യതകൾ അനന്തവും അദ്ഭുതകരവുമാണ്. ഇതിന്റെ ആദ്യ പടവുകളെക്കുറിച്ച് സമൂഹത്തിലെ യുവാക്കളെ ബോധവാന്മാരാക്കുകയും അവരുടെ ഉള്ളിൽ ആവിഷ്കാര സ്വാതന്ത്ര്യത്തെക്കുറിച്ച് നല്ല ഒരു അവബോധം സൃഷ്ടിക്കുകയും ചെയ്യുന്നതിലൂടെ നല്ലൊരു നാളെ നമുക്ക് കെട്ടിപ്പടുക്കാൻ സാധിക്കും. അതിലൂടെ നമ്മുടെ രാഷ്ട്രത്തിന്റെ യശസ്സ് ലോകരാഷ്ട്രങ്ങൾക്കുമുന്നിൽ അണയാതെതന്നെ സൂക്ഷിക്കാം.

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)